(സി) അനുമതിക്കായി അപേക്ഷിച്ചില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) കോളനി വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ അനുമതി നൽകുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)&(ബി) 24.1.2000-ൽ കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി അപേക്ഷിച്ചിട്ടുണ്ട്. അനുമതി ലഭിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കുന്നതിന് വീണ്ടും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

58 (1099) ചന്ദനത്തൈല ഫാക്ടറികൾ

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജനുവരി 25-ന് തൊട്ടുമുൻപ് സംസ്ഥാനത്ത് എത്ര ചന്ദന തൈല ഫാക്ടറികൾ ഉണ്ടായിരുന്നു;

(ബി) 2000-മാണ്ടോടുകൂടി ഫെബ്രുവരി 12-നുശേഷം അവയുടെ എണ്ണം എത്രയാണ്;

(സി) 25/1/99 മുതൽ 12/2/2000 വരെ ഇവ പ്രവർത്തിച്ചിരുന്നുവോ;

(ഡി) എങ്കിൽ ഇവയ്ക്കാവശ്യമായ ചന്ദനത്തടി എവിടെനിന്നും ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതേപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 24

(ബി) 15

(സി) പ്രവർത്തിച്ചിരുന്നു

(ഡി) സേലം ഗവൺമെന്റ് ഡിപ്പോകളിലും മറയൂർ ഡിപ്പോകളിലും നിന്ന് ചന്ദനം ലേലത്തിൽ എടുത്താണ് ഇവ പ്രവർത്തിച്ചുവരുന്നത്.

(ഇ) ഉണ്ട്.

(എഫ്) ഫാക്ടറികളിലെ സ്റ്റോക്ക് പെർമിറ്റ് പരിശോധിച്ചതിൽ അനധികൃതമായി ഒന്നുംതന്നെ കണ്ടിട്ടില്ല.

59 (1100) 'അനധികൃത തടിവെട്ടു കേസ്സുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി'

ശ്രീ. വി.ജെ. പൗലോസ് :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി രാധാ രാഘവൻ :

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. എ. നീലലോഹിതദാസൻ നാടാർ മന്ത്രിയായിരുന്ന കാല യളവിൽ അനധികൃത തടിവെട്ടു കേസ്സുമായി ബന്ധപ്പെട്ട വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻമാരുടെ മേൽ നടപടി എടുക്കേണ്ടതായി വന്നി ട്ടുണ്ടോ;

(ബി) എങ്കിൽ ഇവരുടെ ഓരോരുത്തരുടെയും പേരിലുള്ള കുറ്റാരോ പണം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരം ഇതോടൊപ്പമുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടിക

ഒലവക്കോട് സർക്കിൾ

മണ്ണാർക്കാട് ഡിവിഷൻ

(എ) 1. എ. ജയരാജൻ, റെയിഞ്ചോഫീസർ 2. റ്റി. സുന്ദരൻ, ഡെപ്യൂട്ടി റെയിഞ്ചർ 3. ആർ. നാരായണൻ, ഫോറസ്റ്റർ 4. പി. പീറ്റർ, ഫോറസ്റ്റ് ഗാർഡ് 5.സി.കെ.രാഘവൻ, ഫോറസ്റ്റ് ഗാർഡ്	അഗളി റെയിഞ്ചിലെ ഷോളയാർ ഫോറസ്റ്റേഷൻ അതിർത്തിയിൽ നിന്ന് വീതിമരം മുറിച്ചത് സംബന്ധിച്ച് മേപ്പടിയാൻമാരെ സസ്പെന്റു ചെയ്തു. മേൽപ്പറഞ്ഞ കുറ്റത്തിന് ഇവരെ മണ്ണാർക്കാട് ഡിവിഷനിൽനിന്നും സ്ഥലം മാറ്റാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
തെൻമാറ ഡിവിഷൻ (ബി) ഷെയ്ക്ക് ഹൈദർ ഹുസൈൻ (റെയിഞ്ചോഫീസർ) ഇപ്പോൾ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ	നെല്ലിയാംപതി കരുണാ പ്ലാന്റേഷൻ ഏരിയായിൽനിന്നും അനധികൃത മരം മുറി നടത്തിയതിന് ടിയാനെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.
(സി) മണ്ണാർക്കാട് ഡിവിഷൻ 1. ജയരാജൻ, റെയിഞ്ചോഫീസർ 2. സുന്ദരൻ ജെ., റെയിഞ്ചർ 3. നാരായണൻ, ഫോറസ്റ്റർ	സ്വകാര്യ സ്ഥലത്തുനിന്നും തടി നീക്കം ചെയ്യുവാൻ അനുവദിച്ച പാസ്സിലെ തടികളുടെ കൂടെ, സർക്കാർ വനത്തിൽനിന്നുമുള്ള തടികൾ കടത്താൻ കൂട്ടുനിന്നു. ഈ കേസ്സുമായി ബന്ധപ്പെട്ട ഫോറസ്റ്റ് ഗാർഡുമാരായ കെ.പി. പീറ്റർ, രാജീവൻ എന്നിവരെ ഡിവിഷൻ വിട്ടു സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.
(ഡി) നിലമ്പൂർ നോർത്ത്ഡിവിഷൻ	അനധികൃതമായി സർക്കാർ വനത്തിൽനിന്നും മരം മുറിച്ചു നീക്കം

ഷൻ

1. ശ്രീ. ജി. ബാലകൃഷ്ണൻ, ഫോറസ്റ്റർ

2. ശ്രീ. ജി. രാജേഷ്, ഫോറസ്റ്റ് ഗാർഡ്

ചെയ്യുന്നതിന് കൂട്ടുനിന്നു. ഇതുമൂലം സർക്കാരിന് എഴുപത്തയ്യായിരം രൂപയുടെ നഷ്ടം സംഭവിച്ചു. സർക്കാരിനെ വഞ്ചിക്കൽ, ഗുരുതരമായ കൃത്യവിലോപം ഇവയാണ് കുറ്റം. ഇതുമായി ബന്ധപ്പെട്ട് രണ്ട് താൽക്കാലിക ഫോറസ്റ്റ് ഗാർഡുമാരെ സർവ്വീസിൽനിന്നും പിരിച്ചു വിട്ടു.

നിലംപൂർ സൗത്ത് ഡിവിഷൻ

(ഇ) 1. സി. രാജീവൻ, ഫോറസ്റ്റ് ഗാർഡ്

അനധികൃതമായി സർക്കാർ വനത്തിൽനിന്ന് തടി മുറിച്ച് നീക്കം ചെയ്തു എന്നതാണ് മേപ്പടിയാന്റെ പേരിലുള്ള കുറ്റം.

2. കോഴിക്കോട് സർക്കിൾ

(എ) 1. കെ. രാഘവൻ നായർ, റെയിഞ്ചാഫീസർ

2. പി. സദാനന്ദൻ നായർ, ഫോറസ്റ്റർ

3. സുബ്രഹ്മണ്യൻ, ഫോറസ്റ്റ് ഗാർഡ്

കോഴിക്കോട് ഡിവിഷനിലെ പെരുവണ്ണാമൂഴി റെയിഞ്ചിൽ അനധികൃതമായി നടത്തിയ മരംമുറി തടയുകയോ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തില്ല. ഔദ്യോഗിക ചുമതലകളിൽ കൃത്യവിലോപം വരുത്തി.

(ബി) എൻ.ആർ. റാംമോഹൻ, റെയിഞ്ചാഫീസർ

2. കനകരാജൻ വി.എൻ., ഡെപ്യൂട്ടി റെയിഞ്ചർ

നിക്ഷിപ്ത വനത്തിലെ മരങ്ങൾ മുറിക്കാൻ സുപ്രീംകോടതി ഉത്തരവിനെ ലംഘിച്ച് അനുമതി നൽകി. നല്ല മരത്തിന് കേടുണ്ടെന്ന് തെറ്റായി റിപ്പോർട്ട് നൽകി മരംമുറിക്കാൻ കൂട്ടുനിന്നു.

3. കെ.സി. നാണു, ഫോറസ്റ്റർ

ക്രമനമ്പർ മാറ്റി നല്ല മരംമുറിച്ചതിന് നടപടി സ്വീകരിക്കുന്നതിന് വീഴ്ച വരുത്തി.

(സി) 1. എൻ.ആർ. റാംമോഹൻ, റെയിഞ്ചാഫീസർ

2. വി.എൻ. കനകരാജ്, റെയിഞ്ചർ

കെ.പി.റ്റി. ആക്ടിലെ സെക്ഷൻ 5 (1) പ്രകാരം നോട്ടിഫൈ ചെയ്ത ഏലത്തോട്ടത്തിൽനിന്നും ഓതറൈസ്ഡ് ഓഫീസറുടെ അനുമതി ഇല്ലാതെ മരംമുറിച്ചതിന് നടപടി സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തി.

3. ഹൈറേഞ്ച് സർക്കിൾ, കോട്ടയം

(എ) 1. ശ്രീ. കെ. മാത്യു കെ. ജെയിംസ്, റെയിഞ്ചാഫീസർ

2. റ്റി. മോഹൻദാസ്, റെയിഞ്ചാഫീസർ

മൂന്നാർ ഡിവിഷനിലെ ദേവികുളം റെയിഞ്ചാഫീസിലെ കള്ളിമാലി എസ്റ്റേറ്റിലെ പലജാതി മരങ്ങൾ മുറിച്ച് നീക്കം ചെയ്ത് തടയുന്നതിൽ വീഴ്ച വരുത്തിയതിനും കരുതൽ നടപടി സ്വീകരിച്ച് യഥാസമയം മരം മുറി തടയുന്നതിന് വീഴ്ച വരുത്തിയതിനും അവർക്കെതിരെ കുറ്റപത്രം

LIBRARY ARCHIVES Kerala Legislative Assembly

നൽകി.

(ബി) ശ്രീ. മുരളീധരൻ നായർ, ഫോറസ്റ്റർ

2. എം.എം. ഷംസുദീൻ, ഫോറസ്റ്റ് ഗാർഡ്

3. പി.എൻ. ദിവാകരൻ നായർ, ഫോറസ്റ്റ് ഗാർഡ്

4. എം.എം. മുഹമ്മദ് ഹനീഫ

സി.എച്ച്.ആർ. ഏരിയായിൽപ്പെട്ട ആനപ്പാറ ഭാഗത്ത് കൊച്ചുപുരയ്ക്കൽ തങ്കച്ചൻ എന്ന സണ്ണി മേപ്പടിയാന്റെ കൈവശ സ്ഥലത്തുനിന്നും രണ്ട് ഇലവുമരങ്ങൾ മുറിച്ചതിൽ സർക്കാരിന് 25000 രൂപയുടെ നഷ്ടം സംഭവിച്ചു. ഇതാണ് ഇവർക്കെതിരെയുള്ള കുറ്റം.

4. തൃശ്ശൂർ സർക്കിൾ

എ. 1. കെ.ആർ. ബാബു, റെയിഞ്ചാഫീസർ

2. എ.ഒ. സണ്ണി

3. പി. ഗോപാലകൃഷ്ണൻ, ഡെ. റെയിഞ്ചർ

4. പി.ജി. ബേബിക്കുട്ടി, ഫോറസ്റ്റർ

5. സി. വിശ്വനാഥൻ ആശാരി, ഫോറസ്റ്റ് ഗാർഡ്

6. റ്റി. എസ്. പോൾസൺ, ഫോറസ്റ്റ് ഗാർഡ്

7. കെ.എസ്. സിദ്ധാർത്ഥൻ, ഫോറസ്റ്റ് ഗാർഡ്

8. പി.എസ്. ഫൽഗുണൻ, ഫോറസ്റ്റ് ഗാർഡ്

പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ സർക്കാർ വക റിസ്സർവ്വിൽ കിടന്നിരുന്ന രണ്ട് ഈട്ടി മരങ്ങളിലെ തടികൾ അനധികൃതമായി മുറിച്ചു നീക്കം ചെയ്യുന്നത് തടയുന്നതിൽ പരാജയപ്പെട്ടു.

(ബി) 1. കെ. ആർ സാബു, റെയിഞ്ചാഫീസർ

2. ജോയിക്കുട്ടി, ഡെ. റെയിഞ്ചർ

3. റ്റി.ആർ. വിജയൻ, ഫോറസ്റ്റർ

4. കെ. ശിവൻ, ഫോറസ്റ്റ് ഗാർഡ്

5. എം.സി. ചന്ദ്രൻ, ഫോറസ്റ്റ് ഗാർഡ്

6. എൻ. രഘുവീരൻ, ഫോറസ്റ്റ് ഗാർഡ്

കാളകുന്ന് എൻ.ആർ.എഫ്. കൂപ്പിൽ മാർക്ക് ചെയ്തിരുന്ന ഒരു തേക്ക് മരം അനധികൃതമായി മുറിച്ച് നീക്കം ചെയ്തു പോയത് തടയുന്നതിൽ പരാജയപ്പെട്ടു. ഉദ്യോഗസ്ഥൻമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു.

(സി) കെ.ആർ. ബാബു, റെയിഞ്ചാഫീസർ

2. എ.ഒ. സണ്ണി

3. പി. രവീന്ദ്രൻപിള്ള, ഡെ. റെയിഞ്ചർ

4. പി.വി. നടേശൻ

പീച്ചി റെയിഞ്ചിൽ മണ്ണാമംഗലം സ്റ്റേഷൻ പരിധിയിൽ അനധികൃതമായി തേക്കുമരങ്ങൾ മുറിച്ച് കഷണങ്ങളാക്കി ഒതുക്കി വച്ചത് യഥാസമയം തടയുന്നതിനോ പ്രതികളെ കണ്ടുപിടിക്കുന്നതിനോ കുറ്റകൃത്യത്തിന് ഉപയോഗിച്ച തൊണ്ടി സാധന

LIBRARY ARCHIVES Kerala Legislative Assembly

5. പി. ശങ്കരനാരായണൻ, ഫോറസ്റ്റ് ഗാർഡ്	ങ്ങൾ കണ്ടെത്തുന്നതിനോ കഴിഞ്ഞില്ല.
6. സി.സി. സേവ്യർ	
7. സി.കെ. പരീത്, ഫോറസ്റ്റർ	
5. കൊല്ലം സർക്കിൾ	പത്തനാപുരം ടിംബർ ഡിപ്പോ കോംപൗണ്ടിൽ നിന്നിരുന്ന ചന്ദന മരം മുറിച്ചു നീക്കം ചെയ്യുന്നത് തടയുന്നതിൽ പരാജയപ്പെട്ടു.
(എ) 1. പി. സുരേന്ദ്രൻ, റെയിഞ്ചാഫീസർ. ഇപ്പോൾ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ	
2. എ. സുരേഷ് ബാബു, ഫോറസ്റ്റ് ഗാർഡ്	
3. പി സത്യൻ, ഫോറസ്റ്റ് ഗാർഡ്	
4. ജി. ജെയിംസ്, ഫോറസ്റ്റ് വാച്ചർ	
(സി) 2. സൈനുലാബ്ദീൻ, ഫോറസ്റ്റർ	ആര്യങ്കാവിലെ ഇടപ്പാളയം റിസർവ്വിൽനിന്നും അനധികൃതമായി രണ്ടു ചെറിയ ഉണക്കമരങ്ങൾ മുറിച്ചു കടത്തിയത് യഥാസമയം കണ്ടുപിടക്കാൻ പരാജയപ്പെട്ടു. മേപ്പടിയാനെ സസ്പെന്റു ചെയ്യുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു.
സി. 3. കെ. ബാബു	
റ്റി. സി. ദിലീപ് കുമാർ, ഫോറസ്റ്റ് ഗാർഡ്	കോന്നി റെയിഞ്ചിലെ കമ്മണ്ണൂർ തേക്കുതോട്ടം ഉടവെട്ടു നടത്തിയപ്പോൾ കാണിച്ച ക്രമക്കേടുകളെത്തുടർന്ന് മേപ്പടിയാൻമാരെ സസ്പെന്റു ചെയ്ത് അനന്തര നടപടി സ്വീകരിച്ചു.
ഡി.എസ്. ഗോപിനാഥൻ, ഫോറസ്റ്റർ	കുളത്തൂപ്പുഴ റെയിഞ്ചിലെ ചിറ്റാർ നോർത്ത് സെക്ഷനിലെ അനധികൃത മരംമുറി സംബന്ധിച്ച് ടിയാൻമാരെ സസ്പെന്റ് ചെയ്തു. ശ്രീ. കെ.എ. നെജുവിനെതിരെ (റെയിഞ്ചാഫീസർ) കുറ്റപത്രവും കുറ്റാരോപണ മെമ്മോയും തയ്യാറാക്കിയിട്ടുണ്ട്.
വി. മണികണ്ഠൻ നായർ, ഫോറസ്റ്റ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ് എസ്. ബിജു	
കൊല്ലം സർക്കിൾ	റാന്നി റെയിഞ്ചിലെ കണ്ണമല ഫോറസ്റ്റ് സ്റ്റേഷൻ അതിർത്തിയിലെ വനഭാഗത്തുനിന്നും ഒരു ഈട്ടിമരം മുറിച്ചത് തടയുന്നതിൽ പരാജയപ്പെട്ടതിന് സർവ്വീസിൽനിന്നും സസ്പെന്റു ചെയ്തു.
ഇ. (1) കെ.എം. മുഹമ്മദ് ബഷീർ, ഡെപ്യൂട്ടി റെയിഞ്ചാഫീസർ	
(2) എം.എ. അസീസ്, റെയിഞ്ചർ ട്രെയിനി	ടി കുറ്റത്തിന് ടിയാനെ സർവ്വീസിൽനിന്നും പിരിച്ചുവിടാൻ നോട്ടീസ് നൽകി.

LIBRARY ARCHIVES Kerala Legislative Assembly

(6) ഓഫീസ് ഓഫ് ദി ഫീൽഡ് ഡയറക്ടർ, കോട്ടയം

(എ) 1. ശ്രീ. സിദ്ധാർത്ഥൻ, ഫോറസ്റ്റർ 2. ശ്രീ. സന്തോഷ് കുമാർ, ഫോറസ്റ്റ് ഗാർഡ് 3. കെ. ശശിധരൻ പിള്ള, ഫോറസ്റ്റ് ഗാർഡ്	തേക്കടി ടൂറിസം റെയിഞ്ചിൽനിന്നും 26 ചന്ദന മരങ്ങൾ മുറിച്ച് നീക്കം ചെയ്ത കേസ്സിൽ കൃത്യവിലോപം ആരോപിച്ച് അച്ചടക്ക നടപടി സ്വീകരിച്ചു.
(ബി) 1. വി.എൻ. രവീന്ദ്രൻ നായർ, റെയിഞ്ചോഫീസർ 2. ജെ. ഷാജി, ഫോറസ്റ്റർ 3. പി.സി. തോമസ്, ഫോറസ്റ്റ് ഗാർഡ്	വള്ളക്കടവ് റെയിഞ്ചിൽ 5 പാലിമരങ്ങൾ മുറിച്ച് നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് അച്ചടക്ക നടപടി സ്വീകരിച്ചു.

60 (1101) 'വനം വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ പ്രൊമോഷൻ'

ശ്രീ. കെ. സുധാകരൻ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജനുവരി 25 മുതൽ 2000 ഫെബ്രുവരി 10 വരെ വനംവകുപ്പിലെ എത്ര ഉദ്യോഗസ്ഥൻമാർക്ക് ഡി.എഫ്.ഒ., ഫോറസ്റ്റ് അസിസ്റ്റന്റ് കൺസർവേറ്റർ എന്നീ പോസ്റ്റുകളിൽ പ്രൊമോഷൻ നൽകിയിട്ടുണ്ട്;

(ബി) ഈ കാലത്ത് പ്രൊമോഷൻ നൽകപ്പെട്ട എത്ര പേരുടെ പേരിൽ അനധികൃത തടിവെട്ടുകാരായി ബന്ധപ്പെട്ടോ മറ്റു വിഭാഗത്തിലോ ഉള്ള കുറ്റാരോപണം നിലവിലുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇവരുടെ പ്രൊമോഷനുശേഷം ഈ കുറ്റാരോപണത്തിൻമേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു;

(ഡി) ഈ കുറ്റാരോപണങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1999 ജനുവരി 25 മുതൽ 2000 ഫെബ്രുവരി വരെ ഡി. എഫ്.ഒ/അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ എന്നീ പോസ്റ്റുകളിൽ ഒൻപത് പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ബി) ഈ കാലത്ത് പ്രൊമോഷൻ നൽകപ്പെട്ട നാലുപേരുടെ പേരിൽ കുറ്റാരോപണം നിലവിലുണ്ട്.

(സി)&(ഡി) ഇവരുടെ പ്രൊമോഷനുശേഷം ഈ കുറ്റാരോപണത്തിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങളും കുറ്റാരോപണങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയും അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly